# ഗവ.വി&എച്ച്.എസ്.എസ്.പരുത്തിപ്പള്ളി

## ലിറ്റിൽ കൈറ്റ്സ് 2019-2020

## ഡിജിറ്റൽ മാഗസിൻ

# ഒരുമ

# മരം

ഒരു ചെറിയ വിത്ത്
വലിയൊരു മരമായി മാറുന്നു.
ഇലയും പൂവും കായും ഫലവും
പലവിധ രൂപം കൊള്ളുന്നു.
കമ്പും തടിയും കൊമ്പും തണലും
പലവിധ ഗുണവും നൽകുന്നു.
അങ്ങനെ മരമൊരു വരമാകുന്നു.
നമ്മുടെ ജീവനു ഗുണമാകുന്നു.

# പൂക്കാലം

പൂക്കാത്ത വല്ലിയും പൂക്കുന്ന കാലം
മാമല നാട്ടിലെ പൊന്നോണക്കാലം
പൂക്കളം തീർക്കാൻ പൂപ്പൊലി പാട്ടുമായി
പൂക്കളിറുക്കുന്ന പൊൻചിങ്ങമാസം

പൂവാലൻ തുമ്പികൾപൊന്നിളം വെയിലിൽ
നർത്തനമാടുന്നൊരാവണിച്ചന്തം
സ്വർഗ്ഗസമാനമായി കേരളം പാലിച്ച
മാവേലിമന്നനെ ഓർക്കുന്ന കാലം

# തുഞ്ചത്തെഴുത്തച്ഛൻ

പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം.
മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ്
ജന്മസ്ഥലം.മലയാളഭാഷാ പിതാവ് എന്ന് അദ്ദേഹത്തെ
വിശേഷിപ്പിക്കുന്നു. പാട്ടിൻെറയും മണിപ്രവാളത്തിൻെറ
യും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട്
തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു.
ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക
എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്.
അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളി -
പ്പാട്ട് എന്നിവയാണ് എഴുത്തച്ഛൻെറ പ്രധാന കൃതികൾ......

കവിത

## സൗഗന്ധികം

സാന്ദ്രമാമൊരു ഭാവഗാനമായ്
മനസിനെ സാന്ത്വനിപ്പിക്കാൻ
വന്ന ദേവനോ? മനുഷ്യനോ?

ആരുമാകട്ടെ,യാത്മസംഘർഷ -
മരുഭൂവിൻ നീരൊഴുക്കായി
സ്വന്തമൗന്നത്യം കാട്ടീഭവൻ .

പൂവിനെ,പ്പുൽത്തുമ്പിനെ
പുൽകുന്ന ചൈതന്യത്തിൻ
പൂർണസൗന്ദര്യം തേടി
കോടിവർഷങ്ങൾ പോയി.
കാണുവാൻ കഴിയാത്ത
കുളികാറ്റെന്നും പാടും

വേണുഗാനത്തിന്നർഥം

ആരുമേ  തിരക്കീലാ.

എങ്ങു മർത്യാത്മാവിൻെറ

വിങ്ങലും വിതുമ്പലും

പൊങ്ങുന്നിതവിടേക്കു

നീളുന്ന മനസല്ലോ.

പ്രപഞ്ച  സൗഗന്ധികപ്പൊയ്കയാ

സുഗന്ധത്തിൽ പ്രാണൻെറ

ജ്ഞാനസ്നാനം

പരമോന്നപീഠം.........

# ജീവചരിത്രക്കുറിപ്പ്

# കുമാരനാശാൻ(1873-1924)

**ആധുനിക കവിത്രയത്തിൽ ഒരാളായ മഹാകവി കുമാരനാശാൻ 1873 ഏപ്രിൽ 12 ന് തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു.പരമ്പരാഗത ശൈലിയിൽ നിന്ന് വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാള കവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിക്കുകയുണ്ടായി. ശ്രീനാരായണ ഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ.എസ്.എൻ.ഡി യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. വിവേകോദയം മാസികയുടെ പത്രാതിപരായിരുന്നു.മലയാളത്തിനു പുറത്ത് സംസ്കൃതം,ബംഗാളി,ഇംഗ്ലീഷ് എന്നീ ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു.വെയിൽസ് രാജ കുമാരനിൽ നിന്നും പട്ടും വളയും ലഭിക്കുകയുണ്ടായി.**

**വീണപൂവ്,നളിനി,ലീല,പ്രരോദനം,ചണ്ഡാലഭിക്ഷുകി,**

ശ്യാമള ചിന്താവിഷ്ടയായ,ദുരാവസ്ഥ,കരുണ ഗ്രാമവൃക്ഷത്തിലെ കുയിൽ(ഖണ്ഡവാക്യം),പുഷ്പവാടി, മണിമാല,വനമാല,സ്തോത്രകൃതികൾ(കവിതാസമാഹാരങ്ങൾ),ബാലരാമായണം,ശ്രീരാമചരിതം(കാവ്യങ്ങൾ),തുടങ്ങി അനേകം കൃതികൾ മലയാലത്തിന് സംഭാവന നൽകിയിട്ടുണ്ട്.1924 ജനുവരി 16 ന് പല്ലനയാറ്റിൽ വച്ചുണ്ടായ ബോട്ടപകടത്തിൽ മഹാകവി കുമാരനാശാൻ അന്തരിച്ചു.

# റേഡിയോ....

മാർക്കോണിയെന്ന ശാസ്ത്രജ്ഞനാണ് എന്നെ നിങ്ങൾക്ക് പരിചയപ്പെടുത്തിയത്. വാർത്തകൾ എത്രയുംപെട്ടന്ന് ലോകം മുഴുവൻ എത്തിക്കാൻ എനിക്കാകും. പക്ഷേ ശബ്ദം മാത്രം നൽകുവാനെ എനിക്ക് കഴിയൂ. എങ്കിലും വിജ്ഞാന പ്രദവും രസ - കരവുമായ എന്തെല്ലാം പരിപാടികളാണ് ദിവസവും നിങ്ങൾക്കായി ഒരുക്കുന്നതെന്നറിയാമോ ? ഒന്നു കേട്ടുനോക്കൂ....

മറക്കരുത്.....

# രണ്ടു മണ്ടന്മർ

ഒരു യാത്രക്കാരൻ കുന്നത്തു നാട്ടിലേക്കുള്ള വഴിയേതാണെന്ന് ഒരു വഴിപോക്കനോട് ചോദിച്ചു.അയാൾക്കും വഴിയറിയില്ല.എങ്കിലും അയാൾ പറഞ്ഞു ദാ അ കാണുന്നമരത്തിനു മുകളിലൂടെ പോയാൽ മതി.യാത്രക്കാരൻ മുമ്പിൽക്കണ്ട മരത്തിനുമുകളിലേക്കു ഏന്തിവലിഞ്ഞ്കയറി.ഒരു കൊമ്പിന്റെ തുമ്പത്തെ ചില്ലയിൽ പിടികിട്ടിയ യാത്രാക്കാരൻ ചില്ല വളഞ്ഞതോടെ അതിന്മേൽ തൂങ്ങിക്കിടന്ന് നിലവിളിക്കാൻ തുടങ്ങി.

നിലവിളികേട്ട് അതുവഴി ആനപ്പുറത്തുക്കയറി വന്ന ഒരു ആനക്കാരൻ യാത്രക്കാരനെ രക്ഷിക്കാൻ അയാളുടെ കാലിൽ പിടികൂടി.ആന സംഗതിയറിയാതെ നടന്നു പോയി.യാത്രാ-ക്കാരനും ആനക്കാരനും മരചില്ലയിൽ തൂങ്ങിക്കിടന്നാടിക്കൊണ്ടിരുന്നു.അപ്പോൾ യാത്രക്കാരൻ ആനക്കാരനോട് ഒരു പാട്ടു പാടാൻ ആവശ്യപ്പെട്ടു. ആനക്കാരൻ ചോദിച്ചു, “എന്തിനാ പാടുന്നത്?” യാത്രക്കാരൻ പറഞ്ഞു "പാട്ടു കേട്ട് ആരെങ്കിലും വന്ന് നമ്മളെ രക്ഷിക്കും". ആനക്കാരൻ പാടി.

യാത്രക്കാരൻ അനുമോദിച്ച് കൈകൊട്ടാൻ രണ്ടുകൈയ്യും വിട്ടു.രണ്ടാളും താഴെ വീണു.വീണെങ്കിലും നമ്മൾ രണ്ടാളും താഴെയെത്തിയല്ലോ, അങ്ങനെ രണ്ടു മണ്ടന്മാരും സന്തോഷിച്ചു...

# തത്തമ്മ

പച്ചനിറം പൂശി വരും തത്തമ്മ

മരകൊമ്പിലൊരു കൂട് കൂട്ടി പത്തു

പച്ച മുട്ടകളോ കൂട്ടിലിട്ടു

പത്തു പച്ചതത്തകൾ വിരിഞ്ഞിറങ്ങി

അവർ പത്തു പേരുമൊത്തു ചേർന്നു

പറപറന്നു.

# എൻെറ അമ്മ

അമ്മ എൻെറ അമ്മ എൻെറ
സ്വന്തം അമ്മ

- അമ്മയാണ് ദൈവം
- അമ്മയാണ് ശക്തി
- ആപത്തുകൾ എത്തീടുമ്പോൾ
- ഓടിയെത്തും അമ്മ
- അമ്മയാണ് സൃഷ്ടി
- അമ്മയാണ് സർവ്വം
- അമ്മ എൻെറ അമ്മ
- എൻെറ സ്വന്തം അമ്മ

“അമ്മ എന്ന വാക്കുകേട്ടാൽ

തുടിക്കുന്ന നെഞ്ചകം"

# എൻെറ വിദ്യാലയം

*തിങ്കളും താരങ്ങളും ള്രവെള്ളിക്കതിർ ചിന്നും*

*തുംഗമാം വാനിൻ ചോട്ടിലാണെൻെറ*

*വിദ്യാലയം*

*ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന -*

*മിന്നിതാ ചിരിക്കുന്ന പാലൊളി ചിതറുന്നു.*

*മുൾച്ചെടിത്തലപ്പത്തും പുഞ്ചിരി വിരിയാറുണ്ട -*

*ച്ചെറുപൂന്തോപ്പിലെപ്പനിനീരുരയ്ക്കുന്നു.*

*മധുരമീജ്ജീവിതം ചെറുതാണെന്നാകിലും*

*പാരർതൻ മഹത്തത്വം: പരസേവനംകാര്യം.*

*ആരെല്ലെൻ ഗുരുനാഥ,രാരല്ലെൻ ഗുരുനാഥർ ?*

*പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടേന്തോ!*

# ജീവചരിത്രക്കുറുപ്പ്

## ചങ്ങമ്പുഴ കൃഷ്ണപിള്ള

എറണാകുളം ജില്ലയിൽ 1911 ഒക്ടോബർ 10ാം തീയതി മലയാളത്തിലെ പ്രശസ്തകവി ചങ്ങമ്പുഴകൃഷ്ണപിള്ള ജനിച്ചു. പിതാവ് തെക്കേടത്ത് രാമൻ മേനോനും മാതാവ് ചങ്ങമ്പുഴ പാറുക്കുട്ടിയമ്മയുമാണ്. മലയാള കവിതയിൽ സൗന്ദര്യ സങ്കല്പം അദ്ദേഹം കൊണ്ടു വന്നു മംഗളോദയം മാസികയുടെ പത്രാധിപ സമിതി അംഗമായിരുന്നു. കൃതികൾ : രമണൻ ആരാധകൻ, യവനിക, മോഹിനി തിലോത്തമ, ദേവയാനി, നർത്തകി, മദിരോത്സവം, അസ്ഥിയുടെ പൂക്കൾ, ഓണപ്പൂക്കൾ, ലീലാങ്കണം, സ്പന്ദിക്കുന്ന അസ്ഥികൂടം, രക്തപുഷ്പങ്ങൾ, സ്വരരാഗസുധ, തുടിക്കുന്ന താളുകൾ (ആത്മകഥ), മൗനഗാനം (കവിതാസമാഹാരം) തുടങ്ങിയ അനേകം കൃതികൾ അദ്ദേഹംഎഴുതിയിട്ടുണ്ട്. 1948 ജൂൺ 17 അദ്ദേഹം അന്തരിച്ചു.

# ജലം ജീവാമൃതം

പാടത്തുടെ നടക്കന്നേരം

വാടിയചെടികൾ കണ്ടു ഞാൻ.

മേഘം മൂടിയ മാനം നോക്കി

ആടി വിളിച്ചു മഴയെ ഞാൻ

പൊടികൾ പറത്തിയണഞ്ഞു

വേഗം വീശിയടിച്ചു കുളിർക്കാറ്റ്.

ഇടിയുടെ ശബ്ദം കേട്ടൊരു നേരം

ഓടിയൊളിച്ചു വീട്ടിൽ ഞാൻ കൂട്ട

കൂട്ട മഴയത്ത് പെയ്തൊരു നേരം

മോടിയിലാടി ചെടിയെല്ലാം.

# ജലം ജീവാമൃതം

പാടത്തുടെ നടക്കുന്നേരം

വാടിയചെടികൾ കണ്ടു ഞാൻ.

മേഘം മൂടിയ മാനം നോക്കി

ആടി വിളിച്ചു മഴയെ ഞാൻ

പൊടികൾ പറത്തിയണഞ്ഞു

വേഗം വീശിയടിച്ചു കുളിർക്കാറ്റ്.

ഇടിയുടെ ശബ്ദം കേട്ടൊരു നേരം

ഓടിയൊളിച്ചു വീട്ടിൽ ഞാൻ കൂട്ട

കൂട്ട മഴയത്ത് പെയ്തൊരു നേരം

മോടിയിലാടി ചെടിയെല്ലാം.

# ജലം ജീവാമൃതം

പാടത്തുടെ നടക്കുന്നേരം

വാടിയചെടികൾ കണ്ടു ഞാൻ.

മേഘം മൂടിയ മാനം നോക്കി

ആടി വിളിച്ചു മഴയെ ഞാൻ

പൊടികൾ പറത്തിയണഞ്ഞു

വേഗം വീശിയടിച്ചു കുളിർക്കാറ്റ്.

ഇടിയുടെ ശബ്ദം കേട്ടൊരു നേരം

ഓടിയൊളിച്ചു വീട്ടിൽ ഞാൻ കൂട്ട

കൂട്ട മഴയത്ത് പെയ്തൊരു നേരം

മോടിയിലാടി ചെടിയെല്ലാം.

# ഗവ.വി&എച്ച്.എസ്.എസ്.പരുത്തിപ്പള്ളി

## ലിറ്റിൽ കൈറ്റ്സ് 2019-2020

## ഡിജിറ്റൽ മാഗസിൻ

